# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3983. | 27/06/2012 – ൽ മറുപടിയ്ക്ക്

## ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മൂന്ന് സർക്കാർ ആയുർവ്വേദ കോളേജിലും കൂടി നിലവിൽ എത്ര അദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന വിവരം നൽകാമോ; | (എ) | മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിലും കൂടി നിലവിൽ 184 (നൂറ്റി എൺപത്തി നാല്) അദ്ധ്യാപക തസ്തികകൾ നിലവിലുണ്ട്. |
| (ബി) സെന്റർ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ അനുശാസിക്കുന്ന വിധമുള്ള അദ്ധ്യാപകക്ഷാമം ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ അനുശാസിക്കുന്ന പ്രകാരം ചില ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപക ക്ഷാമം ഉണ്ടായിരുന്നു. എന്നാൽ എൻട്രി കേഡറിൽ പി.എസ്.സി. വഴി 34 ഓളം തസ്തികകളിലേയ്ക്ക് ഇതിനകം സ്ഥിരനിയമനം നടത്തിയിട്ടുണ്ട്. ഇതു കൂടാതെ നിശ്ചിത വിഷയങ്ങളിൽ പി.ജി.യോഗ്യതയുള്ള ഐ.എസ്.എം. വകുപ്പിലെ ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നുണ്ട്, ആയുർവേദ കോളേജ് വകുപ്പിലെ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആക്കി സർക്കാർ ഉയർത്തിയതിനെ ത്തുടർന്ന് ഈ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകർ അടുത്ത അഞ്ച് വർഷത്തേയ്ക്ക് പെൻഷൻ ആകുന്നില്ല. മേൽ നടപടികൾ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ സി.സി.ഐ.എം ഈ അടുത്ത കാലത്ത് അദ്ധ്യാപകക്ഷാമ ത്തെപ്പറ്റി ഒരു പരാമർശവും നടത്തിയിട്ടില്ല. |
| (സി) | കണ്ണൂർ ഗവണ്മെന്റ് ആയുർവ്വേദ കോളേജിലെ ഏതെങ്കിലും അദ്ധ്യാപക തസ്തികകൾ മറ്റ് കോളേജിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ